# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2021 ജനുവരി 14, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

5 (*61 ) ലഹരിക്കടത്ത് തടയാൻ നടപടി

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) നൽകിയ മറുപടിയിൽ, എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്ക് പുറമെ ചെക്ക് പോസ്റ്റുകൾ, ഹൈവേ/ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ, സ്ട്രൈക്കിങ്ങ് ഫോഴ്സുകൾ എന്നീ വിഭാഗങ്ങൾ നടത്തുന്ന പ്രവർത്തനങ്ങളുടെയും ഫലമായി മയക്കുമരുന്ന് കടത്ത്, ശേഖരണം, വിപണനം, ഉപഭോഗം എന്നിവ തടയുന്നതിനും ലഹരിവസ്തുക്കൾ പിടിച്ചെടുക്കുന്നതിനും സാധിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. എക്സൈസ് വകുപ്പ് 2020-ൽ സംസ്ഥാനത്തൊട്ടാകെ 15,860 അബ്കാരി കേസുകളിലായി 23,182 ലിറ്റർ സ്പിരിറ്റ്, 7219.905 ലിറ്റർ ചാരായം, 30,958.35 ലിറ്റർ ഇന്ത്യൻ നിർമ്മിത വിദേശമദ്യം, 5,31,662 ലിറ്റർ വാഷ്

എന്നിവയും 3,667 NDPS കേസുകളിലായി 3209.293 കി.ഗ്രാം കഞ്ചാവ്, 6,653.437 ഗ്രാം ഹാഷിഷ്, 38.980 ഗ്രാം ഹെറോയിൻ, 73.925 ഗ്രാം ബ്രൗൺ ഷുഗർ, 564.116 ഗ്രാം MDMA, 4,927.890 ഗ്രാം ചരസ്, 696 കഞ്ചാവ് ചെടികൾ, മറ്റ് ലഹരി വസ്തുക്കൾ എന്നിവയും 52,222 കോട്പ കേസുകളിലായി 33,451.496 കി.ഗ്രാം പുകയില ഉൽപ്പന്നങ്ങളും കണ്ടെടുത്ത് 93,34,010/- രൂപ ഫൈൻ ഈടാക്കിയിട്ടുണ്ട്. വകുപ്പിലെ മിനിസ്റ്റീരിയൽ ജോലികൾ ചെയ്യുന്നത് ബോർഡ് യൂണിറ്റിൽ നിന്നും നിയമിക്കപ്പെടുന്ന എക്സൈസ് ഉദ്യോഗസ്ഥരാണെന്നും ഉദ്യോഗസ്ഥ ഘടന പരിഷ്കരിക്കുന്നതിനായി 17.04.2018-ൽ സമർപ്പിച്ചിരുന്ന പ്രൊപ്പോസൽ തൽക്കാലം പരിഗണിക്കേണ്ടതില്ലെന്നാണ് തീരുമാനിച്ചിരിക്കുന്നതെന്നും മന്ത്രി പറഞ്ഞു. കലാലയ പരിസരങ്ങളിൽ നടക്കുന്ന ലഹരിക്കച്ചവടം കണ്ടെത്തുന്നതിന് എക്സൈസ് ഉദ്യോഗസ്ഥന്റെ ചുമതലയിൽ സ്കൂൾ/കോളേജ് തലങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ സ്കൂൾ അടിസ്ഥാനത്തിൽ 4842 ക്ലബ്ബുകളും കോളേജ് അടിസ്ഥാനത്തിൽ 899 ക്ലബ്ബുകളും പ്രവർത്തിക്കുന്നുണ്ട്. മയക്കുമരുന്നുമായി ബന്ധപ്പെടുന്ന കുറ്റവാളികളെ കണ്ടെത്തുന്നതിന് സംസ്ഥാനത്തെ മൂന്ന് മേഖലകളായി തിരിച്ച് ഓരോ

മേഖലയിലും പ്രത്യേക സ്ക്വാഡുകളും എക്സൈസ് കമ്മീഷണറുടെ നിയന്ത്രണത്തിൽ സ്പെഷ്യൽ സ്ക്വാഡും പ്രവർത്തിക്കുന്നുണ്ടെന്നും അന്യസംസ്ഥാനങ്ങളിൽനിന്നുള്ള മയക്കുമരുന്ന് കടത്ത് കണ്ടെത്തുന്നതിന് കേന്ദ്ര ഏജൻസി, പോലീസ്, എക്സൈസ് എന്നിവയുടെ സഹകരണത്തോടെ മറ്റ് സംസ്ഥാനങ്ങളുമായിച്ചേർന്ന് നടപടി സ്വീകരിക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. ലഹരിയുമായി ബന്ധപ്പെട്ട 85 ശതമാനം കേസുകളിലും ശിക്ഷ ഉറപ്പാക്കിയിട്ടുണ്ടെന്നും എൻ.ഡി.പി.എസ്. ആക്ടിൽ ഭേദഗതി വരുത്തണമെന്നാവശ്യപ്പെട്ട് കേന്ദ്രഗവൺമെന്റിനെ സമീപിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. മയക്കുമരുന്ന് വ്യാപനം അതീവഗൗരവമായാണ് സർക്കാർ കാണുന്നതെന്നും യുവതലമുറയെ ലഹരി ഉപയോഗത്തിലേയ്ക്ക് ആകർഷിക്കുന്ന മയക്കുമരുന്ന് ലോബികളെ തടയുന്നതിന് വിവിധ ഏജൻസികളുടെ ഏകോപന പ്രവർത്തനങ്ങൾമൂലം നല്ല ഫലമാണ് ഉണ്ടായിരിക്കുന്നതെന്നും സ്വയം അവബോധത്തോടൊപ്പം ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ എല്ലാവരും ഇതിനെതിരായി ഒന്നിച്ചുനിൽക്കണമെന്നും ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി അറിയിച്ചു.

6(*62) <u>വനവിസ്തൃതി വർദ്ധിപ്പിക്കാനുള്ള നടപടികൾ</u>

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) നൽകിയ മറുപടിയിൽ, വന വിസ്തൃതി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ, പുറമ്പോക്കുകൾ, റിസർവ് വനമല്ലാത്ത വനഭൂമികൾ എന്നിവ റിസർവ് വനമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഈ സർക്കാരിന്റെ കാലത്ത് കണ്ണൂർ, തൃശ്ശൂർ ജില്ലകളിലായി 241.3053 ഹെക്ടർ കണ്ടൽ വനങ്ങൾ റിസർവ് ഫോറസ്റ്റായി സംരക്ഷിച്ചു വരുന്നുണ്ടെന്നും തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിലായി 81.6805 ഹെക്ടർ കണ്ടൽ വനങ്ങൾ "പ്രൊപ്പോസ്ഡ് റിസർവ്" ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിച്ച് തുടർനടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. ഹരിതാവരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഗ്രീൻ ഇന്ത്യ മിഷൻ, റീബിൽഡ് കേരള, കിഫ്ബി എന്നിവ മുഖേന വനവത്ക്കരണ പ്രവർത്തനങ്ങളും വനത്തിനുള്ളിലെ സ്വകാര്യ തോട്ടങ്ങൾ, ആദിവാസിയിതര സ്വകാര്യ സെറ്റിൽമെന്റുകൾ, സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾ എന്നിവ ഏറ്റെടുക്കുന്നതിനും അവ സ്വാഭാവിക വനമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

വനത്തിന് പുറത്തുള്ള ഹരിതാവരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സാമൂഹ്യവനവത്കരണ വിഭാഗത്തിന്റെ നേതൃത്വത്തിൽ പരിസ്ഥിതിദിനം, വനമഹോത്സവം എന്നിവയോടനുബന്ധിച്ച് 335.19 ലക്ഷം വൃക്ഷത്തൈകൾ വിതരണം ചെയ്ത് നട്ടുപിടിപ്പിച്ചിട്ടുണ്ട്. കൂടാതെ സ്കൂൾ/കോളേജ് വിദ്യാർത്ഥികൾ, ക്ലബുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, സർക്കാരിതര സംഘടനകൾ, കുടുംബശ്രീ എന്നിവയുടെ സഹായത്തോടെ വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ടെന്നും ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തിന്റെ വനാവരണത്തിൽ വർദ്ധനവുണ്ടായതായി കണ്ടെത്തിയിട്ടുണ്ടെന്നും സംരക്ഷിത വനമേഖലയുടെ വിസ്തീർണ്ണം 3209.0572 ച.കി.മീ. ആയിരുന്നത് 3437.0272 ച.കി.മീ. ആയി വർദ്ധിച്ചിട്ടുണ്ടെന്നും 547.9302 ഏക്കർ കയ്യേറ്റഭൂമി തിരിച്ചുപിടിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. സംസ്ഥാനത്ത് വിവിധ ഘട്ടങ്ങളിലായി 56412 ഹെക്ടർ വനഭൂമി പൊതുമേഖലാ സ്ഥാപനങ്ങൾക്കും അർദ്ധസർക്കാർ സ്ഥാപനങ്ങൾക്കുമായി പാട്ടത്തിന് നൽകിയിട്ടുണ്ടെന്നും വനാതിർത്തിയോട് ചേർന്നുള്ളതും വന്യജീവി ശല്യം അനുഭവപ്പെടുന്നതുമായ സ്ഥലങ്ങൾ ഏറ്റെടുത്ത് വിസ്തൃതി കൂട്ടി ജനങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതാണെന്നും 23 സംരക്ഷിത പ്രദേശങ്ങൾ ഇക്കോ

സെൻസിറ്റീവ് സോൺ ആയി പ്രഖ്യാപിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്രവനം - പരിസ്ഥിതി മന്ത്രാലയത്തിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടെന്നും സുഗതകുമാരി ടീച്ചറിന്റെ സ്മരണാർത്ഥം സ്കൂളുകൾ കേന്ദ്രീകരിച്ച് വനസംരക്ഷണ പദ്ധതി ആവിഷ്കരിക്കാനാകുമോയെന്ന കാര്യം വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി ആലോചിച്ച് തീരുമാനിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

-----